14 (*314) ഇൻഫർമേഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഫർമേഷൻ ടെക്നോളജി സ്ഥാപിക്കുന്നതിനുള്ള തീരുമാനം എന്തായി എന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര ഗവൺമെന്റ് ഇതിനുവേണ്ടി അനുവദിച്ച 300 ലക്ഷം രൂപ സംസ്ഥാനം വാങ്ങിയിട്ടുണ്ടോ;

(സി) കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഇങ്ങനെ ഒരു സ്ഥാപനം തുടങ്ങിയിട്ടും കേരളത്തിൽ ഇപ്രകാരമൊന്ന് ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് അന്തർദേശീയ നിലവാരം പുലർത്തുന്ന തരത്തിലുള്ള ഒരു സ്ഥാപനമാക്കി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) തിരുവനന്തപുരത്ത് ടെക്നോപാർക്ക് ക്യാമ്പസിൽ സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് (സിറ്റ്മ) എന്ന പേരിൽ ഒരു ഉന്നത വിദ്യാഭ്യാസ കേന്ദ്രം ആരംഭിക്കുവാൻ സർക്കാർ ഉത്തരവ് (എം.എസ്.) നം:84/99/ഐ.റ്റി.ഡി. തീയതി 29.5.99 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ ടെക്നോപാർക്കിൽ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം താൽക്കാലികമായി ഉപയോഗിച്ച് മാസ്റ്റർ ബിരുദ കോഴ്സുകളും 2000-2001 അധ്യായന വർഷത്തിൽ തന്നെ തുടങ്ങുന്നതിനും രണ്ടാം ഘട്ടത്തിൽ ടെക്നോപാർക്ക് ക്യാമ്പസിൽ തന്നെ പുതിയ കെട്ടിടസൗകര്യങ്ങൾ ഉണ്ടാക്കി സ്ഥിരമായ ഒരു സംവിധാനം ഉണ്ടാക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. വാർഷിക പദ്ധതിയിൻകീഴിൽ അധിക സാമ്പത്തിക സഹായമായി കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ച 300 ലക്ഷം രൂപ കെ.എസ്. ഐ.ഡി.സി.ക്ക് കൈമാറിക്കൊണ്ട് ഉത്തരവ് നൽകിക്കഴിഞ്ഞു.

(സി) 1998 ഏപ്രിൽ മാസത്തിൽ സർക്കാർ പ്രഖ്യാപിച്ച ഐ.ടി. നയത്തിലാണ് സംസ്ഥാനത്ത് വിവരവിനിമയ സാങ്കേതികതയിൽ ഒരു ഉന്നത വിദ്യാഭ്യാസ കേന്ദ്രം തുടങ്ങുവാനുള്ള നിർദ്ദേശം അടങ്ങിയിട്ടുള്ളത്. അതിനനുസരണമായി നയപരിപാടികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉന്നത നിലവാരത്തിലുള്ള ഒരു വിദ്യാഭ്യാസ കേന്ദ്രം (സിറ്റ്മ) സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയും, കെ.എസ്.ഐ.ഡി.സി.യെ സ്കൂൾ സ്ഥാപിക്കുന്നതിനായി ഒരു നോഡൽ ഏജൻസിയായി അധികാരപ്പെടുത്തുകയും ചെയ്തു. സ്കൂൾ സമയബന്ധിതമായി പ്രവർത്തനക്ഷമമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി. ചെയർമാൻ അധ്യക്ഷനായി ഒരു എംപവേർഡ് കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. നയപ്രഖ്യാപനത്തിനുശേഷം സ്കൂൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) സിറ്റ്മ അന്തർദേശീയ നിലവാരത്തിലുള്ള ഒരു ഉന്നത വിദ്യാഭ്യാസ കേന്ദ്രമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly